

# വടക്കുംകര സെന്റ് ആന്റണീസ് ഇടവക

ക്രിസ്തുവർഷം 1920 നവംബർ മാസത്തിൽ 'ക്രിസ്തീയ യുവജനസമാജം' എന്ന പേരിൽ 27 വീട്ടുകാർ ചേർന്ന് ഒരു സംഘടനയ്ക്ക് രൂപംകൊടുക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സമുദായത്തിൽ നിന്നാണ് 'ചാമക്കുന്ന്' എന്ന പേരിൽ അറിയപ്പെടുന്ന വടക്കുംകര വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഈ ദേവാലയത്തിന്റെ ഉത്ഭവം. 1924-ൽ കല്പറമ്പ് പള്ളി വികാരിയായിരുന്ന ബഹു. ജോർജ്ജ് മടമ്പിടി അച്ചൻ ആദ്യം ഈ കുരിശുപള്ളിയുടെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചപ്പോൾ പരിശുദ്ധ കന്യകാമറിയത്തെയാണ് പ്രതിഷ്ഠിച്ചിരുന്നത്. അന്ന് ഈ പള്ളി പ്രവർത്തിച്ചിരുന്നത് കല്പറമ്പ് പള്ളിയുടെ കീഴിലായിരുന്നു.

## കപ്പേള

1930 ആഗസ്റ്റ് 15-ന് കല്പറമ്പ് പള്ളിയിൽ നിന്നും തിരിഞ്ഞ് വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഈ ഇടവക പള്ളിയായി ഉയർന്നു. അന്ന് നടവരമ്പ് പള്ളി വികാരിയച്ചനായിരുന്ന ബഹു. ജോർജ്ജ് മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ 17 വീട്ടുകാർ മാത്രം ഉള്ള ഒരു ഇടവകയായിരുന്നു. പള്ളിയോട് ചേർന്ന് ഒരു മുറിയും ഒരു ചെറിയ സിമിത്തേരിയും നിർമ്മിച്ചു. എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മാത്രമേ ഇവിടെ ദിവ്യബലി ഉണ്ടായിരുന്നുള്ളു. 1956-ൽ പള്ളിയുടെ സ്ഥലസൗകര്യം വിപുലീകരിച്ചു. ഇതിന്റെ ആശീർവാദകർമ്മം ബഹു. ജോർജ്ജ് ചെർപ്പണത്ത് അച്ചന്റെ നേതൃത്വത്തിൽ തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമേനി 1956 സെപ്തംബർ 16-ന് നടത്തി.

1978 ആയപ്പോഴേക്കും ഇടവകക്കാരുടെ എണ്ണം 60 ആയി ഉയർന്നു. പള്ളിയുടെ അടുത്തുണ്ടായിരുന്ന ഇതര ഇടവകക്കാരും ഇവിടെ ഇടവകക്കാരായി ചേർന്നതിനാലാണ് ഇടവകാംഗങ്ങളുടെ എണ്ണം പെട്ടെന്ന് വർദ്ധിച്ചത്. അതിനാൽ പഴയ പള്ളിയിൽ സൗകര്യങ്ങൾ അപര്യാപ്തമെന്ന് തോന്നിയതിനാൽ അന്നത്തെ വികാരിയായിരുന്ന ബഹു. ജോൺ അരിക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ 1978-ൽ തന്നെ പഴയപള്ളി പൊളിച്ച് പുതിയ പള്ളി പണിയുവാൻ തീരുമാനിച്ചു.

1983-ൽ ദേവാലയത്തിന്റെ പണി പൂർത്തീകരിക്കുകയും അന്നത്തെ വികാരിയായിരുന്ന ബഹു. പോൾ എളങ്കുന്നപ്പുഴ അച്ചന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജെയിംസ്



വേദപാഠ സ്ക്കൂൾ

പഴയാറ്റിൽ പിതാവ് 1983 മെയ് 29 ന് ആശീർവ്വദിക്കുകയും ചെയ്തു.

## വൈദികമന്ദിരം

ഇവിടെ വൈദികന് താമസിച്ച് ഇടവകഭരണം നടത്തുന്നതിന് ആവശ്യമായ ഒരു വൈദികമന്ദിരം ബഹു. വർഗ്ഗീസ് അരിക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ പണിതീർക്കുകയും വെഞ്ചിരിപ്പ് 1995 മേയ് 14-ാം തിയ്യതി നടത്തുകയും ചെയ്തു. സിമിത്തേരിക്ക് സ്ഥലസൗകര്യങ്ങൾ തീർത്തും അപര്യാപ്തമായതിനാൽ 1999-ൽ ബഹു. വിത്സൻ ഈരത്തറ അച്ചന്റെ നേതൃത്വത്തിൽ പഴയ സിമിത്തേരി വിപുലീകരിക്കുകയും, അവിടെ ഒരു കപ്പേള നിർമ്മിക്കുകയും ചെയ്തു. 2000 ജനുവരി 18-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് ആശീർവാദകർമ്മം നടത്തിയത്. കല്പറമ്പ്, നടവരമ്പ്, വെള്ളാങ്കല്ലൂർ എന്നീ പള്ളികളിലെ വികാരിമാരാണ് വടക്കുംകര ഇടവകയുടെ ഭരണം നടത്തിയിരുന്നത്.

## സ്ഥിരതാമസമുള്ള വികാരി

ഇവിടെ താമസിച്ച് അജപാലന ശുശ്രൂഷകൾ നടത്തുന്നതിനായി ഒരു സ്ഥിരം വികാരിയച്ചൻ ഉണ്ടാകണമെന്ന ഇടവകയുടെ ആവശ്യം 2002 ജനുവരി 23-ന് അനുവദിച്ചുകിട്ടി. അന്നത്തെ വികാരിയായിരുന്ന ബഹു. വിത്സൺ ഈരത്തറ അച്ചനെയാണ് ഇപ്രകാരം ആദ്യമായി നിയമിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വൈദികമന്ദിരത്തിന്റെ മുകളിൽ ഒരു നിലകൂടി പണിത് ഇരിങ്ങാലക്കുട രൂപത രജത ജൂബിലി സ്മാരകമന്ദിരത്തിന്റെ പണി പൂർത്തീകരിക്കുകയും 28.08.2003-ന് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ ആശീർവ്വദിക്കുകയും ചെയ്തു.

## നവീകരിച്ച പള്ളി, ജൂബിലിസ്മാരകം

2005 ആഗസ്റ്റ് 15-ന് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ഇതോടനുബന്ധിച്ച് റവ. ഫാ. ജോയ് പാല്യേക്കരയുടെ നേതൃത്വത്തിൽ ആധുനികമായ രീതിയിൽ നവീകരിച്ച് മനോഹരവും



വൈദിക മന്ദിരം

വിസ്തൃതവുമാക്കിയ ഇടവക ദേവാലയത്തിന്റേയും പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ബിൽഡിംഗിന്റേയും ആശീർവാദകർമ്മം 2006 ഡിസംബർ 16-ാം തിയ്യതി രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 2006 ഡിസംബർ 17-ന് വി. അന്തോണീസിന്റെ തിരുശേഷിപ്പ് ആഘോഷമായ പ്രദക്ഷിണമായി നവീകരിച്ച ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.

ഇടവകയിൽ 4 കുടുംബ യൂണിറ്റുകളിലായി 130 കുടുംബങ്ങൾ ഉണ്ട്. പള്ളിക്ക് 2 ഏക്കർ 50 സെന്റ് പറമ്പ് സ്വന്തമായുണ്ട്. ഇന്ന് ഈ ദേവാലയം കല്പറമ്പ് ഫൊറോനയുടെ കീഴിൽ പ്രവർത്തിക്കുന്നു.

## കപ്പേളകൾ

ഈ ഇടവകയിൽ 3 കപ്പേളകൾ സ്ഥിതിചെയ്യുന്നു. ലിറ്റിൽ ഫ്ളവർ യൂണിറ്റിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ 02.06.1962-ൽ കപ്പേള സ്ഥാപിച്ചു. കാളത്തുപറമ്പിൽ കുഞ്ഞുവറീത് ദേവസി ഈ കപ്പേളയ്ക്കുള്ള സ്ഥലവും പണികളും തീർത്ത് പള്ളിക്കു നൽകി. വിശുദ്ധ ഗീവർഗ്ഗീസിന്റെ നാമധേയത്തിൽ സെന്റ് ജോർജ്ജ് യൂണിറ്റിൽ ഒരു കപ്പേള സ്ഥിതിചെയ്യുന്നു. ഇത് 1941 നവംബർ മാസത്തിൽ ആണ് സ്ഥാപിച്ചത്. ഈ കപ്പേളയ്ക്കുള്ള സ്ഥലം കാളത്തുപറമ്പിൽ വറീയ്ത് ഭാര്യ മറിയം ആണ് സംഭാവന നല്കിയത്. 2007-ൽ ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചാണ് സെന്റ് ആന്റണീസ് കപ്പേള, പലമറ്റത്ത് ഈനാശു വർഗ്ഗീസ് മാതാപിതാക്കളുടെ സ്മരണാർത്ഥം പള്ളിയോട് ചേർന്ന് നിർമ്മിക്കാൻ ധനസഹായം നൽകിയത്.



സെന്റ് ജോർജ്ജ് കപ്പേള



ലിറ്റിൽ ഫ്ളവർ കപ്പേള



സെന്റ് ആന്റണീസ്
കപ്പേള



മണിമാളികയും
തിരുഹൃദയ സ്തംഭവും



പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ ബിൽഡിംഗ്